# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2986** 20.03.2015- ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**,, എം.പി.വിൻസെൻറ്**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, സി.പി.മുഹമ്മദ്** | | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) | പൊതുമരാമത്ത് വകുപ്പിൽ 10.01.2012 തീയതിയിലെ സ.ഉ(പി) നം. 6/2012/പൊ.മ.വ. പ്രകാരം ഇ-പേമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ? | (സി) | പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേമെന്റ് സംവിധാനം വഴി കഴിയുന്നു. പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി വകുപ്പ്, എൻ.ഐ.സി., എസ്.ബി.റ്റി., എസ്.ബി.ഐ. തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ